"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- എഞ്ചിനീയറിംഗ് വിഭാഗം- VC7/ 2022/KLM- ഓപ്പറേഷൻ സരൾ രാസ്ത-3 - കൊല്ലം നീണ്ടകര ഗ്രാമപഞ്ചായത്തിലെ ജോയിന്റ് ജംഗ്ഷൻ മുതൽ കുന്നേൽ തെക്കതിൽ വരെയുള്ള റോഡ് നിർമ്മാണത്തിലെ അപാകത-അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി സി.എസ്. ലക്ഷ്മിക്ക് മെമ്മോ നല്കി സ്വീകരിച്ചുവന്ന നടപടി - തീർപ്പാക്കി ഉത്തരവ് പുറപ്പെടിവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഇഡബ്ല്യൂഎ) വകുപ്പ്**

സ.ഉ.(സാധാ) നം.930/2026/LSGD തീയതി,തിരുവനന്തപുരം, 28-04-2026

---

പരാമർശം:-

1. വിജിലൻസ്(ഡി) വകുപ്പിന്റെ 21.01.2023-ലെ V1G-D3/191/2022-VIG നമ്പർ കത്ത്
2. വിജിലൻസ് ഡയറക്ടറുടെ 09.11.2022-ലെ C1-(VC-7/2022/KLM/36051/2022/DVACB നമ്പർ കത്തും അനുബന്ധങ്ങളും.
3. തിരുവനന്തപുരം എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ് കോടതിയുടെ VC7/22/KLM നമ്പർ കേസിലെ 07.03.2024-ലെ ഉത്തരവ്.
4. വിജിലൻസ്(ഡി) വകുപ്പിന്റെ 02.07.2024-ലെ V1G-D3/191/2022-VIG നമ്പർ കത്ത്
5. വിജിലൻസ് ഡയറക്ടറുടെ 05.04.2024-ലെ C1-(VC-7/2022/KLM/36051/2022/DVACB നമ്പർ കത്തും അനുബന്ധങ്ങളും.
6. അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി ലക്ഷ്മി സി.എസ്.-ന് നല്കിയ 18.07.2024-ലെ വിശദീകരണ മെമ്മോ.
7. അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി ലക്ഷ്മി സി.എസ്. സമർപ്പിച്ച 07.03.2025 തീയതിയായ വിശദീകരണം.
8. പ്രിൻസിപ്പൽ ഡയറക്ടറുടെ 22.10.2025-ലെ LSGD/PD/14750/2023-VIG A3 നമ്പർ കത്ത്.

**ഉത്തരവ്**

ഓപ്പറേഷൻ രാസ്ത-3-യുടെ ഭാഗമായി കൊല്ലം നീണ്ടകര ഗ്രാമപഞ്ചായത്തിൽ

വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയിൽ ഒമ്പതാം വാർഡിൽ ജോയിന്റ് ജംഗ്ഷൻ മുതൽ കുന്നേൽ തെക്കതിൽ വരെയുള്ള റോഡിന്റെ ടാറിംഗ് പണികൾ നടത്തിയവർ നിർമ്മാണപ്രവൃത്തിയിൽ നടത്തിയ ക്രമക്കേടുമൂലം റോഡ് ആറുമാസത്തിനുള്ളിൽ തകർന്നുപോയതായും സർക്കാരിന് 12,010.05/- രൂപയുടെ നഷ്ടം ഉണ്ടായതായും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ മുൻ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി ലക്ഷ്മി സി.എസ്., ഓവർസിയർ ശ്രീമതി ലജി എച്ച്., PWD കോൺട്രാക്ടർ ശ്രീ എസ്. മൻമദൻ പിളള എന്നിവരെ പ്രതികളാക്കി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ VC7/22/KLM നമ്പർ കേസ് രജിസ്റ്റർ ചെയ്തു.

2. പ്രസ്തുത കേസുമായി ബന്ധപ്പെട്ട പ്രഥമ വിവര റിപ്പോർട്ടും (FIR), സ്പെഷ്യൽ റിപ്പോർട്ടും വിജിലൻസ് ഡയരക്ടറുടെ ശിപാർശയും വിജിലൻസ് വകുപ്പ്, പരാമർശം 1, 2 മുഖേന ലഭ്യമാക്കുകയുണ്ടായി. തിരുവനന്തപുരം ജില്ലയിൽ ജോലി ചെയ്തു വന്നിരുന്ന ഒന്നാം പ്രതിയായ ശ്രീമതി ലക്ഷ്മി സി.എസ്.-നെ കേസന്വേഷണം പൂർത്തിയാകുന്നതുവരെ കൊല്ലം ജില്ലയിൽ നിയമിക്കരുതെന്നും രണ്ടാം പ്രതിയായ ശ്രീമതി ലജി എച്ച്.-നെ കൊല്ലം ജില്ലയിൽ നിന്നും മാറ്റി നിയമിക്കണമെന്നും മൂന്നാം പ്രതിയായ കോൺട്രാക്ടറെ അന്വേഷണം പൂർത്തിയാകുന്നതുവരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തണമെന്നുമാണ് അന്വേഷണ ഉദ്യോഗസ്ഥൻ ശിപാർശ ചെയ്തിരുന്നത്. ആയതുപ്രകാരം രണ്ടാം പ്രതിയായ ശ്രീമതി ലജി എച്ച്.-നെ കൊല്ലം ജില്ലയിൽ നിന്നും മാറ്റി പത്തനംതിട്ട ജില്ലയിലെ പറക്കോട് ബ്ലോക്ക് പഞ്ചായത്തിൽ നിലവിലുണ്ടായിരുന്ന ഒഴിവിലേക്ക് പ്രിൻസിപ്പൽ ഡയറക്ടർ നിയമിച്ചു.

3. VC7/22/KLM കേസിലെ അന്തിമ അന്വേഷണറിപ്പോർട്ടിൽ അന്വേഷണ ഉദ്യോഗസ്ഥൻ, നീണ്ടകര ഗ്രാമപഞ്ചായത്തിലെ ഒൻപതാ വാർഡിൽപ്പെട്ട ജോയിന്റ് ജംഗ്ഷൻ-കുന്നേൽ തെക്കതിൽ റോഡ് നിർമ്മാണത്തിൽ വ്യവസ്ഥ പ്രകാരം ചിപ്പിംഗ് കാർപ്പറ്റിന്റെ കനം 20 mm-ഉം, ആയതിന്റെ Binder content 3.97 % -ഉം ആണെന്നിരിക്കേ, ടി റോഡിൽ നിന്നും വിജിലൻസ് അന്വേഷണ ഭാഗമായി ശേഖരിച്ച 8 കോർ-കട്ട് സാമ്പിളുകൾ കൊല്ലം PWD Quality Control Sub Division & District Laboratory-യിൽ അയച്ച് ലഭിച്ച ഫലപ്രകാരം ചിപ്പിംഗ് കാർപ്പറ്റ് വ്യവസ്ഥ പ്രകാരമുള്ള 20mm-നേക്കാൾ കൂടുതൽ കനത്തിൽ നിർമ്മാണം നടത്തിയിട്ടുള്ളതായും, ചിപ്പിംഗ് കാർപ്പറ്റിലെ Binder content പരിശോധിച്ചതിൽ target value ആയ 3.97%-ൽ കൂടുതലായി ശരാശരി value ഉള്ളതായും കണ്ടെത്തിയതിനാലും ടി കേസ്സിലെ FIR-ലെ 1 മുതൽ 3 വരെ പ്രതികൾ ടി റോഡ് നിർമ്മാണത്തിൽ ക്രമക്കേട് നടത്തുകയോ സർക്കാരിന് സാമ്പത്തിക നഷ്ടവും, ടി പ്രതികൾക്ക് സാമ്പത്തിക

ലാഭവും ഉണ്ടാക്കുന്ന രീതിയിൽ പ്രവർത്തിയ്ക്കുകയോ ചെയ്തിട്ടില്ല എന്ന് കണ്ടെത്തിയതിനാലും ടി കേസ്സ് Further Action Dropped ആയി പരിഗണിച്ച് തീർപ്പാക്കുവാൻ ബഹു. കോടതി മുമ്പാകെ 29.01.2024-ലെ അന്തിമറിപ്പോർട്ട് സമർപ്പിച്ചു.

4. ബഹു. കോടതി അന്തിമ അന്വേഷണറിപ്പോർട്ട് അംഗീകരിയ്ക്കുകയും റോഡിന് സംഭവിച്ച തകരാറുകൾ താഴ്ന്ന പ്രദേശത്ത് മഴവെള്ളം കെട്ടിനിന്ന് സംഭവിച്ചതാണെന്നും ആയത് പ്രതികളുടെ നിയന്ത്രണത്തിനു പുറത്തുള്ള കാരണമാണെന്നും പ്രതികളുടെ ഭാഗത്ത് അഴിമതിയുണ്ടായിട്ടില്ലെന്നും അതിനാൽ പ്രതികൾക്ക് കുററമില്ലെന്നും കണ്ട് VC7/22/KLM കേസിൽ കേസിൽ നടപടി അവസാനിപ്പിച്ച് പരാമർശം 3 ഉത്തരവായി.

5. തുടർന്ന്, പ്രസ്തുത റോഡ് നിർമ്മാണത്തിലെ അപാകതയുള്ള സ്ഥലം ഉയർത്തി റോഡിന്റെ ചിപ്പിംഗ് കാർപ്പറ്റ് ഇളകിപ്പോയ ഭാഗത്തിന്റെ പുനർനിർമ്മാണം ടി വർക്കിന്റെ കോൺട്രാക്ടറെക്കൊണ്ട് ചെയ്യിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക, ശാസ്ത്രീയമായ രീതിയിൽ നിർമ്മാണ പ്രവർത്തനം നടത്തുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി അനുമതി വാങ്ങി തുടർനടപടി കൈക്കൊള്ളുന്നതിൽ നീണ്ടകര പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി സി.എസ്. ലക്ഷ്മിക്ക് (A1) ഔദ്യോഗിക വീഴ്ച സംഭവിച്ചിട്ടുള്ളതിനാൽ ടിയാളിൽ നിന്നും വിശദീകരണം വാങ്ങി ഉചിതനടപടി സ്വീകരിക്കുക എന്നിങ്ങനെയുള്ള വിജിലൻസ് ഡയറക്ടറുടെ ശിപാർശ അംഗീകരിച്ച് വിജിലൻസ് വകുപ്പ് പരാമർശം 4,5 പ്രകാരം VC7/22/KLM കേസിലെ അന്തിമ അന്വേഷണറിപ്പോർട്ടും കോടതി ഉത്തരവും അനുബന്ധരേഖകളും ലഭ്യമാക്കുകയുണ്ടായി.

6. പ്രസ്തുത റോഡ് നിർമ്മാണത്തിലെ അപാകതയുള്ള സ്ഥലം ഉയർത്തി റോഡിന്റെ ചിപ്പിംഗ് കാർപ്പറ്റ് ഇളകിപ്പോയ ഭാഗത്തിന്റെ പുനർനിർമ്മാണം ടി വർക്കിന്റെ കോൺട്രാക്ടറെക്കൊണ്ട് ചെയ്യിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പബ്ലിക് വർക്സ് സംബന്ധിച്ച വിഷയം കൈകാര്യം ചെയ്യുന്ന തദ്ദേശ സ്വയംഭരണ (ഡി.ബി.) വകുപ്പിന് വിജിലൻസ് റിപ്പോർട്ടിന്റെ പകർപ്പ് നല്കിയിട്ടുണ്ട്. എന്നാൽ, പ്രസ്തുത നടപടിയ്ക്ക് മുൻപേ തന്നെ, പരാമർശം 4 പ്രകാരമുള്ള വിജിലൻസ് വകുപ്പിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ ശാസ്ത്രീയമായ രീതിയിൽ നിർമ്മാണ പ്രവർത്തനം നടത്തുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി അനുമതി വാങ്ങി തുടർനടപടി കൈക്കൊള്ളുന്നതിൽ ഔദ്യോഗിക വീഴ്ച സംഭവിച്ചു എന്ന കാര്യം

ചൂണ്ടിക്കാട്ടി നീണ്ടകര പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി സി.എസ്.ലക്ഷ്മിക്ക് പരാമർശം 6 പ്രകാരം വിശദീകരണമെമ്മോ നല്കിയിട്ടുണ്ടായിരുന്നു.

7. പ്രസ്തുത മെമ്മോയ്ക്ക് പരാമർശം 7 പ്രകാരം അസിസ്റ്റന്റ്എഞ്ചിനീയർ ശ്രീമതി ലക്ഷ്മി സി.എസ്. സമർപ്പിച്ച വിശദീകരണത്തിൽ പ്രസ്തുത റോഡ് പുനരുദ്ധാരണത്തിനായി മെയിന്റനൻസ് റോഡ് ഫണ്ട് 3,40,000/- രൂപ വകയിരുത്തിയിരുന്നുവെന്നും, ഒന്നാംതരം ഓവർസിയർ ശ്രീമതി ലജി എച്ച്.-നോടൊപ്പം സ്ഥലപരിശോധന നടത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതിയ്ക്കായി ചവറ ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് സമർപ്പിച്ചിരുന്നതെന്നും, സാങ്കേതിക അനുമതി ലഭ്യമായ ശേഷം ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയും, കരാർ ഉടമ്പടിയിൽ ഏർപ്പെടുകയും, ടി പ്രവൃത്തി 10/03/2022-ന് ആരംഭിച്ച് 23/03/2022-ന് പൂർത്തീകരിച്ചു എന്നും പ്രവൃത്തി നടന്ന മുഴുവൻ സമയവും ശ്രീമതി ലജി എച്ച്. സൈറ്റ് പരിശോധന നടത്തിയെന്നും സൂപ്പർവൈസ് ചെയ്തിരുന്നുവെന്നും ടിയാളും സ്ഥലപരിശോധന നടത്തിയെന്നും റോഡിന്റെ സിൽകോട്ടും ചിപ്പിങ് കാർപ്പെറ്റും ഇളകിയാൽ 20 millimeter കനം ലഭ്യമാവില്ല എന്നും 23/3/2022-ന് റീടാറിങ് പൂർത്തിയായ റോഡിന്റെ defect liability period ഒരു വർഷമാണ് എന്നും 20/8/2024-ന് ടിയാൾ പരിശോധിച്ചപ്പോഴും റോഡ് നല്ല രീതിയിൽ നിലകൊള്ളുന്നു എന്നും 23/3/2022-ന് ശേഷം ടി റോഡിൽ മറ്റു മെയിന്റനൻസ് പ്രവർത്തികളൊന്നും ചെയ്തിട്ടില്ല എന്ന് നിലവിലെ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും അറിയാൻ കഴിഞ്ഞു എന്നും വെള്ളക്കെട്ട് പരാമർശിക്കുന്ന ഭാഗം ടി റോഡിന്റെ വളവു വരുന്ന ഭാഗത്താണ് എന്നും റോഡിന്റെ വളവ് വരുന്ന ഭാഗത്ത് വാഹനങ്ങൾ സുരക്ഷയോടെ പോകുന്നതിന് മറ്റു വശത്തിനെ അപേക്ഷിച്ച് ഒരു വശം താഴ്ത്താണ് ടാറിംഗ് പ്രവൃത്തി ചെയ്യുന്നത് എന്നും തുടർച്ചയായി മഴപെയ്യുന്ന അവസരങ്ങളിൽ മാത്രം ഈ ഭാഗത്ത് ചെറിയ രീതിൽ വെള്ളം കെട്ടി നിൽക്കാൻ സാധ്യതയുള്ളത് മൂലം യാത്രക്കാർക്കോ വാഹനങ്ങൾക്കോ ബുദ്ധിമുട്ട് ഉണ്ടാകുന്നില്ല എന്നും വളവിലെ താഴ്ന്നവശം ഉയർത്തിയാൽ വളവ് തിരിയുന്ന വാഹനങ്ങളുടെ സുരക്ഷയെ ബാധിക്കും എന്നും എസ്റ്റിമേറ്റ് കൃത്യമായും ശാസ്ത്രീയമായും തന്നെയാണ് തയ്യാറാക്കിയിട്ടുള്ളതെന്നും യാതൊരു വീഴ്ചയും മന:പൂർവ്വമായി വരുത്തിയിട്ടില്ല എന്നും റീ-ടാറിങ് ചെയ്ത റോഡ് ഇപ്പോഴും നല്ല അവസ്ഥയിൽ നിലകൊള്ളുന്നു എന്നും യാതൊരു വിധത്തിലും നഷ്ടം വരുത്തിയിട്ടില്ലായെന്നും വിശദീകരണം നല്കി.

7. തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പ്രസ്തുത വിശദീകരണത്തിന്മേൽ സമർപ്പിച്ച പരാമർശം 8 അഭിപ്രായക്കുറിപ്പിൽ സ്ഥലപരിശോധന സമയത്ത് ടി നിർമ്മാണം നടത്തിയ ഉദ്യോഗസ്ഥയും നിലവിലെ അസിസ്റ്റന്റ് എഞ്ചിനീയറും, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും സന്നിഹിതരായിരുന്നു എന്നും 3,40,000/- രൂപ മാത്രമാണ് D.P.C. അംഗീകാരം നൽകി പ്രോജക്ടിൽ ഉൾപ്പെട്ടിരുന്നതെന്നും, ഇതൊരു connected road ആണെന്നും, മുഴുവൻ റോഡും ഉയർത്തി ചെയ്യുന്നതിന് 6,40,000/- രൂപയോളം ആവശ്യമായി വരുമെന്നും, ആയതിനാലാണ് പ്രോജക്ടിൽ ഉൾപ്പെടുത്തിയ തുകയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതെന്നും, വെള്ളം കെട്ടുന്നതിന് NH-യുടെ നിർമ്മാണ പ്രവൃത്തിയുടെ ഭാഗമായി service road ഉയർത്തിയതും ഒരു കാരണമാണെന്ന് സ്ഥലപരിശോധന നടത്തിയ ഉദ്യോഗസ്ഥർ വിശദീകരിച്ചു എന്നും രേഖകൾ പരിശോധിച്ചതിൽ നിന്നും 3,40,000/- രൂപയുടെ പ്രോജക്ടിനാണ് അംഗീകാരം ലഭിച്ചിരിക്കുന്നതെന്നും, ആയത് പ്രകാരം ടി റോഡ് ഉയർത്തി വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള provisions കൊടുക്കാൻ ആവശ്യമായ തുക പ്രോജക്ടിൽ ലഭ്യമായിരുന്നില്ല എന്ന് കാണുന്നു എന്നും മേൽ കാരണങ്ങളാൽ എസ്റ്റിമേറ്റ് തയ്യാറാക്കിയതിലുള്ള അപാകത പൂർണ്ണമായും ശ്രീമതി ലക്ഷ്മി സി.എസ്.-ന്റെ വീഴ്ചയായി കാണാൻ സാധിക്കുന്നില്ല എന്നും അഭിപ്രായപ്പെട്ടിട്ടുണ്ട്.

8. വിജിലൻസ് റിപ്പോർട്ടുകൾ, ബഹു. വിജിലൻസ് കോടതിയുടെ ഉത്തരവ്, ശ്രീമതി ലക്ഷ്മി സി.എസ്.-ന്റെ വിശദീകരണം, പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായക്കുറിപ്പ് എന്നിവ സഹിതം മേൽ വിഷയം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലും എസ്റ്റിമേറ്റ് തയ്യാറാക്കിയതിലുള്ള അപാകത പൂർണ്ണമായും ശ്രീമതി ലക്ഷ്മി സി.എസ്.-ന്റെ വീഴ്ചയായി കാണാൻ സാധിക്കുന്നില്ല എന്ന പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായവും പരിഗണിച്ച് ഭാവിയിൽ റോഡ് നിർമ്മാണപ്രവൃത്തികൾ ഏറ്റെടുത്തു നിർവഹിക്കുമ്പോൾ അതീവജാഗ്രത പാലിക്കേണ്ടതാണെന്ന് അസി.എഞ്ചിനീയർ ശ്രീമതി സി.എസ്.ലക്ഷ്മിയ്ക്ക് **താക്കീത് നല്കി ടിയാൾക്കെതിരെ വിശദീകരണമെമ്മോ നല്കി സ്വീകരിച്ചു വരുന്ന നടപടി അവസാനിപ്പി**ച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
C M AJAYA MOHAN
സ്പെഷ്യൽ സെക്രട്ടറി

1. ശ്രീമതി ലക്ഷ്മി സി.എസ്. (PEN:682690), AEE, Manager(Tech), PMU, KILA, Thrissur
(മുൻ അസിസ്റ്റന്റ് എഞ്ചിനീയർ, നീണ്ടകര ഗ്രാമപഞ്ചായത്ത്, കൊല്ലം)
**(തസ്വഭവ പ്രിൻസിപ്പൽ ഡയറക്ടർ മുഖേന.**)
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം. **(ഈ ഉത്തരവിന്മേൽ അനന്തരനടപടി സ്വീകരിക്കുന്നതിനായി.**)
3. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വംഭരണ വകുപ്പ്, തിരുവനന്തപുരം.
4. വിജിലൻസ് (ഡി) വകുപ്പ്
5. ഡയരക്ടർ, വിജിലൻസ്& ആന്റി കറപ്ഷൻ ബ്യൂറോ
6. തദ്ദേശസ്വയംഭരണ (ഇഡബ്ല്യൂ ബി) വകുപ്പ്.
7. അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ് / എ&ഇ) കേരള, തൃശ്ശൂർ.
8. വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ്.
9. കരുതൽ ഫയൽ / ഓഫീസ് കോപ്പി. (EWA1/5/2023-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Asha. R
Date: 28-04-2026 13:39:50
സെക്ഷൻ ഓഫീസർ